**CENTRAL BOARD OF SECONDARY EDUCATION**
**SAMPLE QUESTION PAPER FOR BOARD EXAM MARCH/APRIL - 2018**
**(മാതൃകാ ചോദ്യപേപ്പർ)**

**STD : XII**
**Time : 3Hrs.**
**അനുവദിച്ച സമയം : 3 മണിക്കൂർ**

**MALAYALAM**
**(മലയാളം)**

**Maximum Mark : 100**
**ആകെ മാർക്ക് : 100**

---

1. a). ഉപമയുടെ ലക്ഷണവും ഉദാഹരണവും എഴുതി വിഭാഗങ്ങൾ വിവരിക്കുക ? (8)

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ ലക്ഷ്യലക്ഷണ സമന്വയം ചെയ്ത് ധർമ്മോൽപ്രേക്ഷയും ഫലോൽപ്രേക്ഷയും എന്തെന്ന് ഉദാഹരണത്തോടെ വിശദമാക്കുക.

b) ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള സാജാത്യ–വൈജാത്യങ്ങൾ വ്യക്തമാക്കുക. (7)

**അല്ലെങ്കിൽ**

ഹേതുൽപ്രേക്ഷയും ധർമ്മ്യുൽപ്രേക്ഷയും ഉദാഹരണ സഹിതം താരതമ്യം ചെയ്യുക

2. a) രാജ്യമൊട്ടാകെ നടപ്പാക്കുന്ന പുതിയ നികുതി സമ്പ്രദായം (ജി.എസ്.ടി) പൊതുജനങ്ങൾക്ക് ഗുണകരമാകുമോ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയുടെ പത്രറിപ്പോർട്ട് തയ്യാറാക്കുക. (7)

**അല്ലെങ്കിൽ**

വിദ്യാർത്ഥികളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയുടെ പത്രറിപ്പോർട്ട് തയ്യാറാക്കുക.

b) പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി പ്രമുഖപത്രത്തിന്റെ പത്രാധിപർക്ക് കത്തെഴുതുക. (8)

**അല്ലെങ്കിൽ**

ഭക്ഷ്യോല്പ്പന്നങ്ങളിലെ കീടനാശിനി പ്രയോഗം കർശനമായി തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് കത്തെഴുതുക.

c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സഞ്ചരിച്ചുകൊണ്ടിരിക്കുക, എവിടെയെങ്കിലും ചെന്നെത്തുക എന്ന രീതിയായിരുന്നു ആദ്യകാല സഞ്ചാരികൾക്കുണ്ടായിരുന്നത്. എന്നാൽ ആധുനിക കാല സഞ്ചാരികൾക്ക് വ്യക്തമായ ലക്ഷ്യങ്ങളുണ്ട്. സാമൂഹിക ജീവിതം ഉറപ്പുവരുത്തുന്ന സുരക്ഷിതത്വം, ജീവിതോപാധി, സാഹചര്യങ്ങളുമായി

താദാത്മ്യം പ്രാപിക്കൽ എന്നിവ ആധുനിക മനുഷ്യനെ ഒരിടത്ത് വാസമുറപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നു. അങ്ങനെയുള്ള സ്ഥിരതാമസസ്ഥലത്തു നിന്ന് ഒഴിവുവേളയിലെ വിനോദം തേടൽ, സാംസ്കാരികവും ബൗദ്ധികവുമായ വിജ്ഞാനം നേടൽ, കോൺഫ്രൻസുകൾ, കൺവെൻഷനുകൾ എന്നിവയിൽ പങ്കെടുക്കൽ, പുണ്യസ്ഥലങ്ങൾ സന്ദർശിക്കൽ, കായിക – സാഹസിക പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ തുടങ്ങി നിരവധി കാര്യങ്ങൾ സഞ്ചാരം അനിവാര്യമാക്കി മാറ്റുന്നു. ഈ ആവശ്യങ്ങൾക്കൊപ്പം പ്രായം, ആരോഗ്യം, വരുമാനം, ലിംഗം, മനോനില, ബുദ്ധിശക്തി, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക സാമ്പത്തിക ഘടകങ്ങൾ സഞ്ചാരത്തിന്റ അളവു നിശ്ചയിക്കുന്നതിൽ പ്രത്യക്ഷമായ സ്വാധീനം ചെലുത്തുന്നുമുണ്ട്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ പുരോഗതിയും ആധുനിക വാർത്താവിനിമയ സൗകര്യങ്ങളും ഗതാഗതമാർഗ്ഗങ്ങളും യാത്രയിലെ ബുദ്ധിമുട്ടുകൾ ഗണ്യമായി കുറച്ചിട്ടുണ്ട്. ഒരിടത്തു നിന്ന് മറ്റൊരിടത്തേക്കുള്ള സഞ്ചാരവും സന്ദർശനവുമാണ് ടൂറിസം.

**ചോദ്യങ്ങൾ**

i. സ്ഥിരതാമസം ഉറപ്പിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന സംഗതികൾ എന്തെല്ലാം? **(2)**

ii. സഞ്ചാരം അനിവാര്യമായി വരുന്നത് എപ്പോഴൊക്കെയാണ്? **(2)**

iii. ആദ്യകാല സഞ്ചാരികളുടെ രീതി എങ്ങനെയുള്ളതായിരുന്നു? **(2)**

iv. എന്താണ് ടൂറിസം ? **(2)**

v. ഈ ഖണ്ഡികക്കു യോജിച്ച തലക്കെട്ട് തയ്യാറാക്കുക. **(2)**

3. a) **താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?** **(6 x 5 = 30)**

i. പ്രകാശജലം കൊണ്ട് ഫ്ളാറ്റിനുള്ളിൽ കുട്ടികൾ സൃഷ്ടിച്ച കടൽ ഒരർത്ഥത്തിൽ അവരുടെ ജൈവപ്രകൃതി തിരിച്ചു പിടിക്കലാണ് – പാഠത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

ii. ഉപഭോക്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു നിന്നു കൊടുക്കാതെ ഉല്പന്നങ്ങളുടെ പ്രളയത്തിൽ അവനെ മുക്കികളയുന്ന വിപണനതന്ത്രമാണ് അവകാശങ്ങളുടെ പ്രശ്നം എന്ന കഥയിൽ നാം കാണുന്നത് ......... വ്യക്തമാക്കുക.

iii. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൽ നിങ്ങൾക്കിഷ്ടപ്പെട്ട കഥാപാത്രമേത്? എന്തുകൊണ്ട്?

iv. കലാമണ്ഡലം ഹൈദരാലിയുടെ ജീവിതാനുഭവങ്ങൾ നൽകുന്ന സന്ദേശമെന്ത്?

v. പുലിക്കോട്ടിൽ ഹൈദരിന്റെ കൃതികളുടെ സവിശേഷതകൾ വിവരിക്കുക,

vi. ‘‘നീയിപ്പോൾ ചിലച്ചതെന്തിന്? മനുഷ്യൻ എത്ര പുരോഗമിച്ചാലും അവർക്ക് ഗൗളിയുടെ ചിലയ്ക്കലിൽ വലിയ വിശ്വാസമാണെന്ന് നിനക്കറിഞ്ഞുകൂടേ’’
– കഥയിലെ ഈ പരാമർശത്തിൽ തെളിയുന്നതെന്തെന്ന് വ്യക്തമാക്കുക,

vii. ബദരിപുരിയെ എസ്. കെ. പൊറ്റെക്കാട് വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

viii. നവമാധ്യമങ്ങളുടെ സാധ്യതകൾ എത്രത്തോളം എന്ന് പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**a) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(4 x 5 = 20)**

i. ‘‘നല്ലവനായിരിപ്പവൻ നല്ലതു ഗ്രഹിച്ചീടും
വെള്ളത്തെ വെടിഞ്ഞു പാലന്നമെന്നതുപോലെ’’
സന്ദർഭവും ആശയഭംഗിയും വ്യക്തമാക്കുക.

ii. നമ്മുടെ നാടോടി സംസ്കാരത്തിന്റെയും പടയണി എന്ന അനുഷ്ഠാന കലാരൂപത്തിന്റെയും അടിത്തറയിൽ കെട്ടിയുയർത്തിയ കാവ്യശില്പമാണ് കിരാതവൃത്തം – ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

iii. കേശിനി കണ്ടത് നളനെ തന്നെയാണെന്ന് ദമയന്തി ഉറപ്പിക്കാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാം?

iv. ‘‘നല്ലതുവല്ലോം മോഷ്ടിച്ചാലുടനെ – അവനെ വെറുതെ
കള്ളനാക്കും നിങ്ങടെ ചട്ടം
മാറ്റുക മാറ്റുക ചട്ടങ്ങളെയവ
മാറ്റും നിങ്ങളെയല്ലെങ്കിൽ’’ – ഈ വരികളിലെ നർമ്മത്തിനു പിന്നിലെ പരിഹാസം വിശകലനം ചെയ്യുക.

v. നഷ്ടപ്പെട്ട പ്രകൃതിയെചൊല്ലിയുള്ള കാട്ടാളന്റെ രോഷം കവി എപ്രകാരം ആവിഷ്ക്കരിച്ചിരിക്കുന്നു.?

vi. ‘‘കണ്ണാടികാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ’’ – പാഠസന്ദർഭവുമായി ഈ വരികൾ എത്രത്തോളം യോജിക്കുന്നു എന്നു പരിശോധിക്കുക,

**4. താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (10)**

a) ഒരു കാലഘട്ടത്തിന്റെ സാംസ്ക്കാരികവും സാമൂഹികവുമായ ചരിത്രം തന്നെയാണ് എം.ടിയുടെ കഥകളിലൂടെ അനാവൃതമാകുന്നത് – എം.ടിയുടെ 'അമ്മയ്ക്ക്' എന്ന കഥാസമാഹാരത്തിലെ കഥകളെ ആസ്പദമാക്കി ഈ അഭിപ്രായം വിലയിരുത്തുക.

b) 'അമ്മയ്ക്ക്' എന്ന കൃതിയിലെ ഏതെങ്കിലും നാലുകഥകൾക്ക് ആസ്വാദനം തയ്യാറാക്കുക.

***********